## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി
## 26.10.2016-ന് കൂടുന്ന മീറ്റിംഗിന്റെ അധിക അജണ്ടക്കുറിപ്പ്

**1) പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് :- സാംസ്കാരിക നിലയം നിർമ്മാണം.**
**(ഫയൽനം. 1160/ഡി.ഡി.2/16 തസ്വഭവ)**

പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.പി.സി. അംഗീകാരം ലഭ്യമായ 5 പദ്ധതികൾക്ക് (മണ്ണൂർ, കോങ്ങാട്,കേരളശ്ശേരി, അഞ്ചുമൂർത്തി എസ്.സി.കോളനി,(മുണ്ടൂർ, കുന്നുകാട് എസ്.സി. കോളനി, മണ്ണൂർ എന്നീ സാംസ്കാരിക നിലയങ്ങൾ) ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ ചുമതലയിൽപ്പെടാത്തതിനാൽ അപേക്ഷ നിരസിക്കുകയും എന്നാൽ ടി പ്രവൃത്തികൾ ആരംഭഘട്ടത്തിലായതിനാൽ, റദ്ദു ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി അഭ്യർത്ഥിച്ചിരിക്കുകയുമാണ്.

**2) തൃക്കാക്കര നഗരസഭ -ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ഫയർ & റസ്ക്യൂവിന് തുക അനുവദിക്കുന്നത് സം ബന്ധിച്ച്**
**(ഫയൽ നം.644/ഡി.സി.3/2016/തസ്വഭവ)**

തൃക്കാക്കര നഗരസഭയിൽ നിന്നും ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ഫണ്ടിൽ നിന്നും തൃക്കാക്കര അഗ്നിരക്ഷാ നിലയത്തിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അനുമതിയാണ് അഭ്യർത്ഥിച്ചിരിക്കുന്നത്. അഗ്നിരക്ഷാനിലയം നഗരസഭയ്ക്ക് വിട്ടുകിട്ടിയ സ്ഥാപനമല്ലാത്തതിനാൽ തുക വിനിയോഗിക്കുന്നതിനുള്ള സ്പഷ്ടീകരണവും ആവശ്യപ്പെട്ടിരിക്കുന്നു.

**3) അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് - കുടിവെള്ള പദ്ധതിയുടെ വൈദ്യുതിചാർജ്ജ് അടയ്ക്കുന്നതു സംബന്ധിച്ച്**
**(ഫയൽ. നം. 255/എഫ്.എം3/2016/തസ്വഭവ)**

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ കണ്ണിമംഗലം - പാണ്ടുപാറ കുടിവെള്ള പദ്ധതിയുടെ മോട്ടോർ ഷെഡും, അനുബന്ധ ഉപകരണങ്ങളും മലയാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലായതിനാൽ ഇലക്ട്രിസിറ്റി, പമ്പിംഗ് ചാർജ്ജുകൾ അടവാക്കാൻ കഴിയുന്നില്ലെന്നും ആയതിനാൽ പ്രസ്തുത പദ്ധതി കേരള വാട്ടർ അതോറിട്ടിയെക്കൊണ്ട് ഏറ്റെടുപ്പിക്കുകയോ ഇലക്ട്രിസിറ്റി/പമ്പിംഗ് ചാർജ്ജുകൾ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ നിന്നും അടയ്ക്കുന്നതിന് പ്രത്യേക അനുമതി നൽകുകയോ ചെയ്യണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

**4) പത്തനംതിട്ട ജില്ലാ പഞ്ചായത്ത് - പള്ളിയോടങ്ങൾക്ക് അറ്റകുറ്റപ്പണികൾക്ക് ഗ്രാന്റ് നൽകുന്നത് സംബന്ധിച്ച്**
**(ഫയൽ നം. 251/എഫ്.എം.1/2016/തസ്വഭവ)**

ആറന്മുള ഉതൃട്ടാതി ജലമേളയിൽ പങ്കെടുക്കുന്ന പള്ളിയോടങ്ങൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതിന് തുക കണ്ടെത്താനായി പള്ളിയോട സേവാസംഘങ്ങൾക്ക് ഒന്നിന് 15,000/- രൂപ വീതം 40 പള്ളിയോടങ്ങളുടെ അറ്റകുറ്റപ്പണിക്കായി ആറ് ലക്ഷം രൂപ ഒറ്റത്തവണ ഗ്രാന്റായി നൽകുന്നതിന് ജില്ലാ പഞ്ചായത്തിന്റെ 2016-17 പ്ലാൻ ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതിയാണ് അഭ്യർത്ഥിച്ചിരിക്കുന്നത്.

**5) തൃശ്ശൂർ കോർപ്പറേഷൻ - പദ്ധതി രൂപീകരണം സമയം ദീർഘിപ്പിച്ചു നൽകുന്നതു സംബന്ധിച്ച് (ഫയൽനം.329/ഡി.എ 1/16/തസ്വഭവ)**

2016-17 വർഷത്തെ പദ്ധതി രൂപീകരണത്തിനുള്ള സമയം ദീർഘിപ്പിച്ചു തരണമെന്നും കോർപ്പറേഷനിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് പദ്ധതി വിഹിതത്തിൽ നിന്നും തുക വെട്ടിക്കുറയ്ക്കുന്നത് ഒഴിവാക്കണമെന്നും തൃശ്ശൂർ കോർപ്പറേഷൻ മേയർ അഭ്യർത്ഥിച്ചിരിക്കുന്നു.

**6) കാട്ടുകുറ്റി ഗ്രാമ പഞ്ചായത്ത് - അജാഗ്രാമം പദ്ധതി സംബന്ധിച്ച്**

**(ഫയൽനം.429/ഡി.എ 2/2016/തസ്വഭവ)**

കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിൽ 2011-13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ മുഖേന അജഗ്രാമം പദ്ധതിക്ക് വേണ്ടി അനുവദിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കി വന്ന തുക 2016-17 വർഷത്തെ പദ്ധതിയിൽ പശുക്കുട്ടി വിതരണം എന്ന പദ്ധതിക്ക് വേണ്ടി ചെലവഴിക്കുന്നതിനുള്ള അനുമതിയാണ് അഭ്യർത്ഥിച്ചിരിക്കുന്നത്.

**7) കാസർഗോഡ് ജില്ലാപഞ്ചായത്ത് - ദേശീയ വികലാംഗ പുനരധിവാസ പദ്ധതി - തുക അനുവദിക്കുന്നത് സംബന്ധിച്ച് (ഫയൽനം.232/ഡി.ബി1//16/തസ്വഭവ)**

കാസർഗോഡ് ജില്ലാ പഞ്ചായത്ത് 2009 വർഷം മുതൽ ദേശീയ വികലാംഗ പുനരധിവാസ (NPRPD) പദ്ധതി നടപ്പിലാക്കി വരികയാണെന്നും, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായ പദ്ധതി വിഹിതം NPRPD -യുടെ പ്രത്യേക അക്കൗണ്ടിൽ നിന്നും പദ്ധതിക്കായി ചെലവഴിച്ചുവെന്നും, ആയതിനാൽ NPRPD -യുടെ ഭരണപരമായ ചെലവുകൾക്കായി തുക അനുവദിക്കണമെന്നുമാണ് ജില്ലാ പഞ്ചായത്ത് അഭ്യർത്ഥിക്കുന്നത്.

**8) വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്- പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ് ധനസഹായം സംബന്ധിച്ച് (ഫയൽ നം.439/ഡി.എ 2/2016/തസ്വഭവ)**

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന ലാപ് ടാപ് ധനസഹായം കേരളത്തിനു പുറത്തുള്ള കോളേജുകളിലും പോളിടെക്നിക്കുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കു കൂടി നൽകാമോ എന്നത് സംബന്ധിച്ച സ്പഷ്ടീകരണം നൽകണമെന്നും, പാരലൽ കോളേജുകൾ വഴി ബിരുദത്തിന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കു കൂടി ലാപ് ടോപ് നൽകുന്നതിനുള്ള ഉത്തരവുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

**9) ചാലക്കുടി നഗരസഭ – സിത്താര നഗർ ചേരിയിലെ ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റിലെ വർദ്ധനവ് അംഗീകരിക്കുന്നത് സംബന്ധിച്ച് (ഫയൽ നം.380/ഡി.സി.2/2016/തസ്വഭവ)**

ചാലക്കുടി നഗരസഭയിലെ സിത്താര നഗർ ചേരിയിലെ 4 വീടുകളുടെ നിർമ്മാണം എന്ന പ്രവൃത്തിക്കായി തയ്യാറാക്കിയ 17,65,000/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന്, ഭവന നിർമ്മാണത്തിന് ചെലവഴിക്കാവുന്ന സർക്കാർ നിശ്ചയിച്ച പരിധിയായ 3.25 ലക്ഷം രൂപയിൽ ഇളവ് അനുവദിച്ച് പ്രത്യേക അനുമതി നൽകണമെന്നാണ് നഗരസഭ അഭ്യർത്ഥിക്കുന്നത്.

**10) പത്തനാപുരം ഗ്രാമപഞ്ചായത്ത് - ഇൻസിനേറേറ്റർ സ്ഥാപിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്**
**(ഫയൽ നം.687//ഡി.സി1/2016/തസ്വഭവ)**

മാലിന്യ നിർമ്മാർജ്ജനത്തിന് ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള അനുമതിയാണ് പഞ്ചായത്ത് അഭ്യർത്ഥിക്കുന്നത്.

**11) മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് - സാംസ്കാരിക കേന്ദ്രത്തിന് കെട്ടിടം പണിയുന്നത് സംബന്ധിച്ച്**
**(തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്)**

അണമല കോളനിയിലെ യുവജന കലാസമിതി ആർട്സ് & സ്പോർട്സ് ക്ലബ് & വായനശാല എന്ന സ്ഥാപനത്തിന് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിയാണ് അഭ്യർത്ഥിക്കുന്നത്.

**12) എസ്.സി.പി. ഫണ്ട്- എം.എൽ.എ ഫണ്ട് മുതലായ ഫണ്ടുകൾ മുഖാന്തിരം നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ ആവർത്തന ചെലവ് സംബന്ധിച്ച് ദളിത് ലീഗ് കോഴിക്കോട് ജില്ലാ കമ്മിറ്റി ശ്രീ.വി. ബാബു പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ സമിതി മുമ്പാകെ സമർപ്പിച്ച ഹർജി (ഫയൽനം.838305/ഡി.എ 1/2016/തസ്വഭവ)**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഗുണഭോക്താക്കളായിട്ടുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾക്കുള്ള മെയിന്റനൻസ് ഫണ്ടിൽ നിന്നും വഹിക്കാൻ നിർദ്ദേശം നൽകാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണെന്ന് 07.09.2016-ൽ കൂടിയ പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ സമിതിക്ക് ഉറപ്പ് നൽകിയിരുന്നു. ഈ വിഷയം കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.

**13) ജില്ലാ പഞ്ചായത്ത് ഇടുക്കി - കാർഷിക കർമ്മസേന, ഉപകരണങ്ങൾ വാങ്ങൽ -ഡാറ്റാ എൻട്രി കോഡ് ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് (ഫയൽനം.349/ഡി.എ 1/2016/തസ്വഭവ)**

കാർഷിക കർമ്മസേനയ്ക്ക് പണി ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രോജക്ട് എൻട്രി നടത്തുന്നതിനുള്ള കോഡ് അനുവദിച്ചു നൽകുന്നതിന് ജില്ലാ പഞ്ചായത്ത് അഭ്യർത്ഥിച്ചിരിക്കുന്നു.

**14) കൊറ്റങ്കര ഗ്രാമപഞ്ചായത്ത് - വാടക കെട്ടിടത്തിന് അനുബന്ധ സൗകര്യങ്ങൾ സംബന്ധിച്ച് (ഫയൽനം.293/ഡി.ബി.2/2016/തസ്വഭവ)**

കൊറ്റങ്കര ഗ്രാമപഞ്ചായത്തിന് അനുവദിച്ച പി.എച്ച്.സി. പ്രവർത്തിക്കുന്ന വാടക കെട്ടിടം പഞ്ചായത്ത് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് താൽക്കാലിക നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് അനുമതി നൽകണമെന്നതാണ് ആവശ്യം.

**15) ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് - പഞ്ചായത്ത് ഡയറക്ടറുടെ 01.10.2016-ലെ ജെ1-30115/16 നമ്പർ കത്ത് - ജലസേചനത്തോടുകളുടെ ഭിത്തി സംരക്ഷണം സംബന്ധിച്ച്**

**(ഫയൽനം.798689/ഡി.എ 2/2016/തസ്വഭവ)**

2016-17 വാർഷിക പദ്ധതി രൂപീകരണ മാർഗരേഖ പ്രകാരം മൺചട്ടി /ഗ്രോബാഗ് എന്നിവയ്ക്ക് നൽകി വരുന്ന 50% സബ്സിഡി 75% ആക്കി നൽകണമെന്നും, പച്ചക്കറി വിത്തുകൾ സൗജന്യമായി വാങ്ങി നൽകണമെന്നും, ജലസേചനത്തിനായുള്ള തോടുകളുടെ ഭിത്തികൾ കരിങ്കൽ കെട്ടി സംരക്ഷിക്കുന്നതിന് അനുമതി നൽകണമെന്നതുമാണ് ശുപാർശ. പ്രസ്തുത പ്രവൃത്തി എം.ജി.എൻ.ആർ.ഇ.ജി.എസ് മായി കൂട്ടിയോജിപ്പിച്ച് നടത്തുകയാണെങ്കിൽ ഗുണഭോക്തൃ വിഹിതം ഒഴിവാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

**16) വെള്ളൂർ ഗ്രാമപഞ്ചായത്ത് - കരിമ്പ് കൃഷി - കാർഷിക പദ്ധതി സംബന്ധിച്ച് (ഫയൽനം.355/ഡി.എ 1/2016/തസ്വഭവ)**

ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിലെ അയൽക്കൂട്ടം സാംസ്കാരിക സംഘടന രൂപീകരിച്ച kustartups@2000 എന്ന സുസ്ഥിര പ്രാദേശിക വികസന സാങ്കേതിക വിദ്യയുടെ ഭാഗമായി കോട്ടയം ജില്ലയിലെ തരിശായി കിടക്കുന്ന പാടശേഖരങ്ങളിൽ ജില്ലാ,ഗ്രാമ പഞ്ചായത്തുകളും , കൃഷി വകുപ്പും ചേർന്ന് കരിമ്പ് കൃഷി ചെയ്യുന്നതിന് മാതൃകയായി വെള്ളൂർ ഗ്രാമപഞ്ചായത്തിലെ 100 ഏക്കറിൽ നടപ്പ് സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുന്നതിന് അനുമതിയാണ് അഭ്യർത്ഥിച്ചിരിക്കുന്നത്.

**17) ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് - പദ്ധതി പ്രവർത്തനങ്ങളുടെ അപാകത സംബന്ധിച്ച്**

**(ഫയൽനം.358/ഡി.എ 1/2016/തസ്വഭവ)**

ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സൂചിപ്പിച്ച താഴെപ്പറയുന്ന വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

1) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്ന പദ്ധതി വിഹിതം സർക്കാർ ഉത്തരവുകളിലൂടെ വിവിധയിനം ചെലവുകൾക്കായി നിർബന്ധപൂർവ്വം നീക്കി വയ്ക്കണമെന്നുള്ളതുകൊണ്ട് പരിമിതമായ തുക മാത്രമേ ജനങ്ങളിൽ നിന്നുള്ള വികസന നിർദ്ദേശങ്ങൾ പരിഗണിക്കുന്നതിനായി നീക്കിവയ്ക്കാൻ സാധിക്കു എന്നുള്ള വിഷയം
2) റോഡ് മെയിന്റനൻസ് തുക വർദ്ധിപ്പിച്ച് നോൺ റോഡ് മെയിന്റനൻസ് തുക കുറവ് വരുത്തുന്നത് സംബന്ധിച്ച്
3) പദ്ധതി രൂപീകരിക്കുന്നതിനും, സമർപ്പിക്കുന്നതിനുമുള്ള നടപടിക്രമങ്ങളിലെ സങ്കീർണ്ണതകൾ ലഘൂകരിക്കുന്നത് സംബന്ധിച്ച്
4) ഓഡിറ്റ് സംവിധാനം സംബന്ധിച്ച്
5) വാർഡ് തല വികസന സമിതികൾ പോലെ പഞ്ചായത്ത് തല വികസന സമിതികൾ രൂപീകരിക്കുന്നതു സംബന്ധിച്ച്.

**18) കതിരൂർ ഗ്രാമപഞ്ചായത്ത് - ചുമർചിത്രഗ്രാമം പദ്ധതി സംബന്ധിച്ച്**

**(ഫയൽനം.360/ഡി.എ 1/2016/തസ്വഭവ)**

കതിരൂർ - ചുമർചിത്രഗ്രാമം എന്ന പദ്ധതി നടപ്പിലാക്കുന്നതിനും , പ്രോജക്ട് കോഡ് അനുവദിക്കുന്നതിനുമുള്ള അനുമതിയാണ് അഭ്യർത്ഥിച്ചിരിക്കുന്നത്.

**19) ഇൻഫർമേഷൻ കേരള മിഷൻ - ഭിന്നശേഷിക്കാരായ വ്യക്തികളുടെ രജിസ്റ്റർ സംബന്ധിച്ച്**
**(ഫയൽനം.340/ഡി.എ 1/2016/തസ്വഭവ)**

ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ തദ്ദേശഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത രജിസ്റ്റർ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ സമർപ്പിച്ച പ്രൊപ്പോസൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

**20) മുളക്കുളം ഗ്രാമപഞ്ചായത്ത് - സ്പിൽഓവർ ആയി ഡി.പി.സി. അംഗീകാരം ലഭിക്കുന്നത് സംബന്ധിച്ച്**
**(ഫയൽനം.353/ഡി.എ 1/2016/തസ്വഭവ)**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് 2015-16 വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ച് നടപ്പിലാക്കി വരുന്ന ജവഹർലാൽ നെഹ്റു ജയന്തി ഭവന നിർമ്മാണ പദ്ധതിക്കും ഭവന പുനരുദ്ധാരണം ജനറൽ എന്ന പദ്ധതിക്കും മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക അവസ്ഥ മനസ്സിലാക്കി ടി പ്രോജക്ടുകളിലെ ധനകാര്യ സ്രോതസ്സ് മാറ്റി സമർപ്പിക്കുവാൻ യാതൊരു മാർഗവുമില്ലാത്തതിനാലും ടി പ്രോജക്ടുകൾ ഗുണഭോക്താക്കൾ എഗ്രിമെൻറ് വച്ച് നടപ്പിലാക്കി വരുന്നതിനാലും നിലവിലെ ധനകാര്യ സ്രോതസ്സായ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കുന്നതിന് അംഗീകാരം നൽകണമെന്നാണ് പഞ്ചായത്ത് അഭ്യർത്ഥിക്കുന്നത്.

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി**
**13.10.2016-ന് കൂടുന്ന മീറ്റിംഗ് അജണ്ട**
**സമയം - ഉച്ചയ്ക്ക്ശേഷം 3 മണിക്ക്**
**സ്ഥലം. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബർ**

| |
|---|
| 1. **പൊതുവിഷയങ്ങൾ**<br>**2. 2016-17 വാർഷിക പദ്ധതി രൂപീകരണത്തിന്റെ പുരോഗതി അവലോകനം**<br>1. ഗ്രാമപഞ്ചായത്തുകൾ, 2. ബ്ലോക്ക് പഞ്ചായത്തുകൾ<br>3.നഗരസഭകൾ 4. ജില്ലാ പഞ്ചായത്തുകൾ |
| 3. പ്രത്യേക വിഷയങ്ങൾ |
| **3.1 കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് (ഫയൽനം. 320/ഡി.എ.1/16/തസ്വഭവ)** |
| 2015-16 വർഷത്തിൽ പദ്ധതി നിർവഹണ നടപടികൾ സ്വീകരിച്ചതും 2016-17 വർഷത്തിൽ സ്പിൽഓവർ ആയി തുടരുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതുമായ ഭവന നവീകരണം എന്ന പ്രോജക്ട് ട്രാൻസ്ഫർ ചെയ്യുന്ന പ്രക്രിയയിൽ വന്ന പിഴവ് (അറിയാതെ reject ബട്ടൺ അമർത്തിയത്) തിരുത്തി സ്പിൽഓവറായി തുടരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടിയുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്യുന്നതിനുള്ള അനുമതിയാണ് പഞ്ചായത്ത് അഭ്യർത്ഥിക്കുന്നത്. |
| **3.2 മാവേലിക്കര നഗരസഭ സെക്രട്ടറിയുടെ എ 3-2128/96 നമ്പർ തീയതി,31.05.2016-ലെ കത്ത്**<br>**(ഫയൽനം. 131/ഇ.യു.3/16/തസ്വഭവ)** |
| നഗരസഭയുടെ സാമ്പത്തിക പരാധീനത കണക്കിലെടുത്ത് നഗരസഭയ്ക്ക് അനുവദിക്കാനുള്ള പെൻഷൻ അലോട്ട്മെന്റ് തുകയായ (2010-11 മുതൽ 2015-16 വരെ) 3,18,98,346/- രൂപ (മൂന്നു കോടി പതിനെട്ടു ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി മുന്നൂറ്റി നാൽപത്തിയാറു രൂപ മാത്രം അടിയന്തിരമായി അനുവദിക്കണമെന്നതാണ് അപേക്ഷ. |
| **3.3 ചൊക്ലി ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ നിയമ സാക്ഷരത പഞ്ചായത്താക്കി മാറ്റുന്നതിനുള്ള ചെലവ് സംബന്ധിച്ച്**<br>**(ഫയൽ നം.179/എഫ്.എം.2/2016/തസ്വഭവ)** |
| ചൊക്ലി ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ നിയമ സാക്ഷരത പഞ്ചായത്താക്കി മാറ്റുന്നതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്ക് ഒരു ലക്ഷം രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നാണ് അഭ്യർത്ഥിക്കുന്നത്. |
| **3.4 ഗുരുവായൂർ നഗരസഭ - മഴപ്പൊലിമ, കിണർ റീ-ചാർജിംഗ് പദ്ധതി എ.പി.എൽ. വിഭാഗങ്ങൾക്കു കൂടി ബാധകമാക്കുന്നത് സംബന്ധിച്ച് ((നടപടി:തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)** |
| ഗുരുവായൂർ നഗരസഭയിൽ "മഴപ്പൊലിമ" എന്ന ഭൂജല പരിപോഷണ പരിപാടി, കിണർ റീചാർജിംഗ് പദ്ധതിയുമായി ബന്ധപ്പെട്ട സബ്സിഡി അനുവദിക്കുന്ന ഉത്തരവിൽ എ.പി.എൽ വിഭാഗത്തിനുകൂടി ബാധകമാക്കിക്കൊണ്ട് സ്പഷ്ടീകരണം നൽകണമെന്നതാണ് അപേക്ഷ. |

| | |
|---|---|
| **3.5 ആന്തൂർ നഗരസഭ - പദ്ധതി നിർവഹണം സംബന്ധിച്ച് (ഫയൽ നം. 446/ഡി.സി.3/2016/തസ്വഭവ)** |
| 2015-16 സാമ്പത്തിക വർഷം കൈമാറിയ 42 പദ്ധതികളുടെ നിർവഹണം സംബന്ധിച്ച് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തളിപ്പറമ്പ് നഗരസഭ ആന്തൂർ നഗരസഭയ്ക്ക് ജനറൽ വിഭാഗത്തിൽ 574554 രൂപയും എസ്.സി.പി. ഇനത്തിൽ 6705668 രൂപയും നോൺ റോഡ് ഇനത്തിൽ 3536444 രൂപയും കൈമാറേണ്ടതാണെന്നുള്ള നഗരകാര്യ ഡയറക്ടറുടെ ശുപാർശയിന്മേലുള്ള അനുമതിയാണ് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിരിക്കുന്നത്. |
| **3.6 വിശാലകൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 4939/എഫ്.ബി.1/83/GC.DA നമ്പർ തീയതി 30.07.2016-ലെ അപേക്ഷ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയിട്ടുള്ള അംശാദായ തുക സർക്കാർ ഗ്രാന്റിൽ നിന്നും പിടിച്ച് അതോറിറ്റിയിൽ അടവാക്കുന്നത് സംബന്ധിച്ച് (ഫയൽനം.149/ഐ.എ 3/16/തസ്വഭവ)** |
| വിശാലകൊച്ചി വികസന അതോറിറ്റിയുടെ അധികാര പരിധിയിൽ വരുന്ന വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (22 ഗ്രാമപഞ്ചായത്തുകൾ, 9 മുനിസിപ്പാലിറ്റികൾ, കൊച്ചി കോർപ്പറേഷൻ) നൽകുവാനുള്ള അംശാദായ കുടിശ്ശിക ടി സ്ഥാപനങ്ങൾക്കു നൽകുന്ന സർക്കാർ ഗ്രാന്റിൽ നിന്നും പിടിച്ച് അതോറിറ്റിക്ക് നൽകുവാൻ നടപടി സ്വീകരിക്കണമെന്നും കൂടാതെ, അതോറിറ്റിയുടെ ജനോപകാരപ്രദമായ വിവിധ വികസന പ്രവർത്തനങ്ങൾ പരിഗണിച്ചും ആയതിലേയ്ക്കായി അതോറിറ്റിയുടെ പരിമിതമായ തനത് ഫണ്ട് മാത്രമാണ് ചെലവഴിക്കുന്നതെന്ന വസ്തുത പരിഗണിച്ചും അതോറിറ്റി സർക്കാരിന് നൽകുവാനുള്ള ഗ്യാരണ്ടി കമ്മീഷൻ തുക സർക്കാർ ഉത്തരവ് (എം.എസ്)962/92/ഫിൻ തീയതി 18.11.1992-ലെ വ്യവസ്ഥകളനുസരിച്ച് പലിശ സഹിതം ഒഴിവാക്കുകയോ ആയത് ജി.സി.ഡി.എ-യ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കാനുള്ള അംശാദായ ഇനത്തിലുള്ള തുകയിൽ വകയിരുത്തിക്കൊണ്ടുള്ള ഉത്തരവോ ഉണ്ടാകണമെന്നാണ് അപേക്ഷിച്ചിരിക്കുന്നത്. |
| **3.7 മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - സംബന്ധിച്ച് (ഫയൽനം.333/ഡി.എ 1/2016/തസ്വഭവ)** |
| മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ സ്പിൽഓവർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പ്രകാരം നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള അനുമതിയാണ് അഭ്യർത്ഥിച്ചിട്ടുള്ളത്. |
| **3.8 കാവാലം ഗ്രാമപഞ്ചായത്ത് - മത്സ്യബന്ധനത്തിനുള്ള വല, വാട്ടർ ടാങ്ക് - തുക വകയിരുത്തുന്നത് സംബന്ധിച്ച് (ഫയൽനം.359/ഡി.എ 2//16/തസ്വഭവ)** |
| കാവാലം ഗ്രാമപഞ്ചായത്തിലെ മുഴുവൻ കുടുംബത്തിനും (3950 വീടുകൾ) പി.വി.സി. വാട്ടർ ടാങ്ക് (500 ലി.) സബ്സിഡിയോടെ നൽകുന്നതിനും ഉൾനാടൻ മത്സ്യമേഖലയിലെ ജനറൽ വിഭാഗത്തിലെ ആളുകൾക്ക് കൂടി മത്സ്യ ബന്ധനത്തിനുള്ള വല നൽകുന്നതിനും പദ്ധതിയിൽ തുക വകയിരുത്തി നടപ്പാക്കുന്നതിനുള്ള അനുമതി നൽകണമെന്നതാണ് അപേക്ഷ |

| 3.9 ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് (ഫയൽ നം.356/ഡി.എ 2/2016/തസ്വഭവ) |
|---|
| 2016-17 വർഷത്തെ സ്പിൽഓവർ പ്രോജക്ടുകളിൽ തനത് ഫണ്ട് വകയിരുത്തിയ 64,00,000/- രൂപയ്ക്ക് പകരം 2016-17 വർഷത്തെ പദ്ധതി വിഹിതം വകയിരുത്തിക്കൊണ്ട് പ്രോജക്ടിൽ ഭേദഗതി വരുത്താൻ ഗ്രാമപഞ്ചായത്തിന് അനുമതി നൽകണമെന്നതാണ് അപേക്ഷ. |

| 3.10 താന്ന്യം ഗ്രാമപഞ്ചായത്ത് - എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് (ഫയൽ നം.861197/ഡി.എ 3/2016/തസ്വഭവ) |
|---|
| സബ്സിഡി മാനദണ്ഡങ്ങളിൽ ഇളവ് നൽകി 5 to 16W ന് ഇടയിലുള്ള എൽ.ഇ.ഡി. ബൾബുകൾ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് 1 വീടിന് 1000 രൂപയിൽ അധികരിക്കാത്ത തുക ഉപയോഗിച്ച് മൂന്നു വർഷത്തിൽ ഒരിക്കൽ വീതം ഒരു വീടിന് നൽകുന്നതിന് അനുമതി ലഭ്യമാക്കണമെന്നതാണ് അപേക്ഷ. |